**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic@kerala.nic.in**

**ഹർജി നമ്പർ CP No. 180(6)/2021/*എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.4038/*എസ്.ഐ.സി-ജി 5/2021***

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി : 15.12.2021**

**ശ്രീ. ഷബീർ പി. ഷിഹാബ്,**
**ഷമീർ മൻസിൽ,**
**മുത്തൂർ പി.ഒ,**
**തിരുവല്ല.** } **പരാതി ഹർജിക്കാരൻ**

**Vs.**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &**
**ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം),**
**സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ**
**(ജനറൽ) ഓഫീസ്,**
**പത്തനംതിട്ട.** } **എതിർകക്ഷി**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 05/02/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 19/02/2021 |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | 22/03/2021 |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 22/03/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05/05/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 28/06/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 10/12/2021<br>PWD റസ്റ്റ് ഹൗസ്, തിരുവല്ല |
| ഹിയറിംഗിലെ സാന്നിധ്യം :<br>പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി (പ്രതിനിധി)<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ഷബീർ പി. ഷിഹാബ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവ

കാശ അപേക്ഷയ്ക്ക് എതിർകക്ഷി വിവരങ്ങൾ നൽകാതെ ടിയാൻ ആവശ്യ പ്പെട്ട വിവരങ്ങൾ ടി ഓഫീസിലെ ഔദ്യോഗിക രേഖകൾ അല്ലെന്നും ആയതിന് തിരുവല്ല അർബൻ ബാങ്കിന് അപേക്ഷ സമർപ്പിക്കേണ്ടതാണ് എന്ന മറു പടിയാണ് ലഭ്യമാക്കിയതെന്നും വിവരം നൽകാതിരുന്ന എതിർകക്ഷിക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

2. പരാതി ഹർജിക്കാരൻ എതിർകക്ഷി മുമ്പാകെ 05.02.2021 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, M-18907 നമ്പറായി ടിയാന്റെ പേരിൽ തിരുവല്ല അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിൽ ഉണ്ടായിരുന്ന പത്ത് ലക്ഷം രൂപായുടെ വായ്പാ അക്കൗണ്ട് സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങളാണ്.

1) 2014 ൽ ആരംഭിച്ച M-18907-ാം നമ്പർ വായ്പാ അക്കൗണ്ട് ഏതു രീതിയിൽ ക്ലോസ്സ് ചെയ്തെന്നും

2) എത്ര രൂപ അടച്ചാണ് ടി അക്കൗണ്ട് ക്ലോസ്സ് ചെയ്തതെന്നും

3) ടി അക്കൗണ്ട് ക്ലോസ്സ് ചെയ്യുന്നതിനാവശ്യമായ തുക ഏത് വായ്പാ അക്കൗണ്ടിൽ നിന്നാണ് വരവ് വച്ചിരിക്കുന്നത് എന്നിങ്ങനെ 11 ഇനങ്ങളിലാ യുള്ള വിവരങ്ങളാണ്.

3. പരാതി ഹർജിക്കാരന്റെ 05.02.2021 ലെ അപേക്ഷയ്ക്ക് എതിർകക്ഷി 19.02.2021 ൽ നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, പരാതിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിലെ ഔദ്യോഗിക രേഖകളല്ലാത്തതിനാൽ ടി വിവരങ്ങൾ ലഭിക്കുന്നതിന് തിരുവല്ല അർബൻ സഹകരണ ബാങ്കിന് അപേക്ഷ നൽകേണ്ടതാണെന്നും ആയതിനാൽ ടിയാന്റെ അപേക്ഷ തിരിച്ച് നൽകുകയാണെന്നുമാണ്.

4. എതിർകക്ഷി കമ്മീഷൻ മുമ്പാകെ 24.06.2021 തീയതി വച്ച് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, പരാതിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ മറ്റൊരു സ്ഥാപനത്തിന്റെ ഔദ്യോഗിക രേഖകളായതിനാലാണ് ടിയാന്റെ അപേക്ഷ പരി ഗണിക്കുവാൻ സാധിക്കാതിരുന്നതെന്നും ടി വിവരം 19.02.2021 ൽ പരാതിക്കാ രനെ അറിയിച്ചിരുന്നുവെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, പരാതി ക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും

ടിയാൻ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കിയതായി കാണുന്നില്ല. 10.12.2021 ൽ കമ്മീഷൻ തിരുവല്ല റസ്റ്റ് ഹൗസിൽ വച്ച് നടത്തിയ ഹിയറിംഗിൽ എതിർകക്ഷി യും, പരാതിക്കാരൻ വിദേശത്ത് ആയതിനാൽ ടിയാന്റെ പിതാവും പങ്കെടുത്ത് മൊഴി നൽകിയിട്ടുള്ളതാണ്. വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭ്യ മാകാതിരിക്കുകയോ ലഭ്യമായ മറുപടി തൃപ്തികരം അല്ലെങ്കിലോ പരാതി ഹർജിക്കാരന് ആയതിന് അപ്പലേറ്റ് അതോറിറ്റി മുമ്പാകെ അപ്പീൽ സമർപ്പിക്കാ വുന്നതായിരുന്നു. എന്നാൽ അപ്രകാരം ചെയ്യാതെ ടിയാൻ നേരിട്ട് സംസ്ഥാന വിവരാവകാശ കമ്മീഷനിൽ പരാതി സമർപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. പരാതി ഹർജിക്കാരന്റെ 05.02.2021 ലെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി സമയബന്ധിതമായി 19.02.2021 ൽ മറുപടി നൽകിയിട്ടുണ്ടെങ്കിലും ആയത് വിവരാവകാശ നിയമപ്രകാരം അംഗീകരിക്കുവാൻ കഴിയുന്നതല്ല. വിവ രാവകാശ നിയമപ്രകാരം പ്രസ്തുത ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള ഔദ്യോഗിക രേഖകളല്ല ആവശ്യപ്പെട്ടതെങ്കിലും ആയത് എവിടെ ലഭിക്കുമെന്ന് ഉത്തമ ബോധ്യമുള്ളവ, അപേക്ഷ ലഭിച്ച് 5 ദിവസത്തിനകം ബന്ധപ്പെട്ട ഓഫീസിലേക്ക യച്ച് വിവരം അപേക്ഷകനെ അറിയിക്കേണ്ടതാണ്. മാത്രവുമല്ല സഹകരണ സംഘം (ഭരണം) ഡെപ്യൂട്ടി രജിസ്റ്റാർ, അർബൻ സഹകരണ ബാങ്കിന്റെ രേഖ കളും മറ്റും പരിശോധിക്കുന്നതിനധികാരമുള്ള ഉദ്യോഗസ്ഥനാണ്. മാത്രവുമല്ല എസ്.പി.ഐ.ഒ യുടെ ഓഫീസിലെ 19.02.2021 ലെ മറുപടിയിൽ നിയമം അനുശാ സിക്കുന്ന തരത്തിൽ ഒപ്പു വച്ച ഉദ്യോഗസ്ഥന്റെ പേരോ, ഔദ്യോഗിക സീലോ, ഓഫീസ് സീലോ, നിയമപ്രകാരം സാക്ഷ്യപ്പെടുത്തലോ, അപ്പീലധികാരി ആരാണ് എന്നോ, അപ്പീലധികാരിയുടെ വിലാസത്തെ കുറിച്ചോ, അപ്പീൽ കാലാ വധിയെ കുറിച്ചോ, ടെലിഫോൺ നമ്പറോ, ഇമെയിൽ id യോ ഒന്നും ചേർത്തു കാണുന്നില്ല. ആയത് വിവരാവകാശ നിയമപ്രകാരം ഗുരുതരമായ തെറ്റാണ്. ടി എതിർകക്ഷിയുടെ നടപടി വിവരാവകാശനിയമം 7(1) വകുപ്പിന്റെ ലംഘനവും കുറ്റകരവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യ ത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീക രിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാൻ ഉണ്ടെ

ങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പു പ്രകാരമുള്ള ശിക്ഷാ ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടിയാന് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ടു ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

6. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ പരാതി ഹർജി ഇന്നേ ദിവസം 2021 ഡിസംബർ മാസം 15-ാം തീയതി കമ്മീഷൻ താൽക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)

**അഡ്വ.എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm

RIGHT TO INFORMATION